(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കെ. എൽ. ഡി. ബോർഡിന്റെ പ്രവർത്തനം

*3 [63] ശ്രീ. ടി. എൻ. പ്രതാപൻ :
,, കെ. സി. ജോസഫ് :
,, എഴുകോൺ നാരായണൻ :
,, തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലൈവ്സ്റ്റാക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്തൊക്കെയാണ്;

(ബി) പ്രസ്തുത ബോർഡ് ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും കുറവുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ക്ഷീരവികസന മേഖലയിൽ നിന്ന് ഈ ബോർഡിനെ മാറ്റി നിർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) 1. കേരളത്തിലെ കാലാവസ്ഥയ്ക്കും സംരക്ഷണ രീതികൾക്കും അനുയോജ്യമായതും ഉൽപ്പാദനക്ഷമത കൂടിയതുമായ കന്നുകാലി വർഗ്ഗത്തെ ഉൽപ്പാദിപ്പിക്കുക, നാടൻ കന്നുകാലികളുടെ രോഗ പ്രതിരോധശക്തി തുടങ്ങിയ നല്ല ഗുണങ്ങൾ നിലനിർത്തിക്കൊണ്ട് ക്ഷീരോൽപ്പാദന ശേഷിയേറിയ വിദേശ വർഗ്ഗങ്ങളെ ഉപയോഗിച്ച് സങ്കര പ്രജനനത്തിലൂടെയും തുടർന്നുള്ള ജനിതക തെരഞ്ഞെടുപ്പ് വഴിയും ഇത് സാദ്ധ്യമാക്കുക.

2. സംസ്ഥാനത്തിന് അനുയോജ്യമായ തീറ്റപ്പുൽ ഇനങ്ങൾ തെരഞ്ഞെടുത്ത് പ്രചരിപ്പിക്കുക.

3. സങ്കര പ്രജനനം, ഭ്രൂണമാറ്റം, തീറ്റപ്പുൽ കൃഷിയും വിത്തുല്പാദനവും വിത്തുകാളകളുടെയും, ബീജത്തിന്റെ ഗാഢശീതീകരണം എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിൽ പ്രായോഗികതല ഗവേഷണം നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

4. പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മേൽത്തരം പന്നിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുക.

5. (i) മലബാറി വർഗ്ഗം ആടുകളെ ഗുണമേന്മ വേർതിരിച്ച് അവയെ മെച്ചപ്പെടുത്തുകയും മേൽത്തരം ആട്ടിൻകുട്ടികളെ കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുക.

(ii) ആസ്ട്രേലിയയിൽ നിന്നും ഇറക്കുമതി ചെയ്ത 'ബോവർ' ആടുകളുടെ പ്രചാരണം, ഇവയുടെ ബീജം ഉപയോഗിച്ചുള്ള സങ്കര വർഗ്ഗോൽപ്പാദനം.

6. കന്നുകാലി പ്രജനനരംഗത്ത് പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ദ്ധർക്കും സഹായികൾക്കും പ്രായോഗിക തല പരിശീലനം നൽകുക.

7. കന്നുകാലി വികസന രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾക്കും മറ്റ് സംസ്ഥാന ഗവൺമെന്റുകൾക്കും കൺസൾട്ടൻസി സേവനം നൽകുക.

(ബി) 1. മാട്ടുപ്പെട്ടി, കുളത്തുപ്പുഴ, ധോണി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഫാമുകളിൽ പശുക്കളെയും വിത്തുകാളകളെയും വിത്തുപോത്തുകളെയും വളർത്തുന്നു. ഈ ഫാമുകളിലെല്ലാം കൂടി 750-ഓളം ഉരുക്കളുണ്ട്. ബീജശേഖരണത്തിനു വേണ്ടി പരിപാലിച്ചു വരുന്ന 200 വിത്തുകാളകളിൽ നിന്ന് കഴിഞ്ഞവർഷം 23 ലക്ഷത്തോളം മാത്രം ബീജം ശേഖരിച്ചു. ഓരോ ഫാമിലും ബീജം ഗാഢശീതീകരിക്കുന്നതിനുള്ള സെമൻ ബാങ്കും പ്രവർത്തിക്കുന്നുണ്ട്.

2. കുളത്തുപ്പുഴ, മാവേലിക്കര, മൂവാറ്റുപുഴ, ധോണി, പുതുപ്പാടി, കണ്ണൂർ എന്നീ സ്ഥലങ്ങളിലുള്ള മേഖലാ സെമൻ ബാങ്കുകൾ, കേന്ദ്ര സെമൻ ബാങ്കുകളിൽ നിന്നും ഗാഢശീതീകരിച്ച ബീജം കൊണ്ടുവന്ന് സൂക്ഷിച്ച് അവിടെ നിന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന 2300-ഓളം ബീജധാന കേന്ദ്രങ്ങളിൽ ആവശ്യാനുസരണം എത്തിക്കുന്നു. കൂടാതെ പ്ലാന്റുകൾ സ്ഥാപിച്ച് ദ്രവനൈട്രജനും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

3. മൂവാറ്റുപുഴയിലുള്ള 'ക്യാറ്റിൽ ബ്രീഡിംഗ് സെന്റർ' കന്നുകാലി പ്രജനന പരിപാടിയിലൂടെ പ്രായോഗികതല ഗവേഷണങ്ങൾക്ക് നേതൃത്വം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. ധോണി ഫാമിലുള്ള തീറ്റപ്പുൽ ഉൽപ്പാദന കേന്ദ്രത്തിൽ കേരളത്തിന നുയോജ്യമായ പുല്ല്, പയർ വർഗ്ഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ നടക്കുന്നു. ഇതോടനുബന്ധിച്ച് ഒരു വിത്തു ഗുണ നിലവാര പരിശോധനാ ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്.

5. പാലക്കാട്, ചക്കുപള്ളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന തീറ്റപ്പുൽ വികസന കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത കർഷകർ മുഖാന്തിരം മേൽത്തരം പുൽവിത്തുകൾ ഉൽപ്പാദിപ്പിച്ച് ഗുണ നിർണ്ണയം നടത്തി വിതരണം ചെയ്യുന്നു.

6. മാട്ടുപ്പെട്ടി, ധോണി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രങ്ങൾ സാങ്കേതിക വിദഗ്ദ്ധർക്കും സഹായികൾക്കും വേണ്ടി കന്നുകാലി പ്രജനന പരിപാടികളെക്കുറിച്ചും ബീജത്തിന്റെ ഗാഢശീതീകരണത്തെക്കുറിച്ചും ഭ്രൂണത്തെക്കുറിച്ചും തീറ്റപ്പുൽ കൃഷിയെക്കുറിച്ചും മറ്റുമുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നു.

7. ഭ്രൂണമാറ്റം എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് കന്നുകാലി വർഗ്ഗോദ്ധാരണ പരിപാടികൾക്ക് ആക്കം കൂട്ടുന്നതിന് ഒരു ഭ്രൂണമാറ്റ കേന്ദ്രം മാട്ടുപ്പെട്ടിയിൽ പ്രവർത്തിക്കുന്നു. ഇവിടെ ഭ്രൂണം ശേഖരിച്ച് ഗാഢശീതീകരണം നടത്തുന്നതിനും അവിടെനിന്നും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ശീതീകരിച്ച ഭ്രൂണം എത്തിക്കുന്നതിനുമുള്ള സംവിധാനം ഉണ്ട്.

8. മേൽത്തരം പന്നിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി സ്ഥാപിച്ച തൃശ്ശൂരിനടുത്തുള്ള പുത്തൂരിലെ പന്നിവളർത്തൽ കേന്ദ്രം അടുത്ത വർഷം പൂർണ്ണമായും പ്രവർത്തനക്ഷമമാകും. അപ്പോൾ പ്രതിവർഷം 10,000 പന്നിക്കുഞ്ഞുങ്ങളെ ഇവിടെ നിന്നും വിതരണം ചെയ്യാനാകും.

9. ധോണി ഫാമിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മലബാറി വർഗ്ഗം ആടുകളുടെ കേന്ദ്രത്തിൽ 284 ആടുകളുണ്ട്. ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്ന മേൽത്തരം ആട്ടിൻകുട്ടികളെ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. മുട്ടനാടുകളുടെ ഗാഢശീതീകൃത ബീജവും ആവശ്യാനുസരണം വിതരണം ചെയ്തുവരുന്നു.

10. ആസ്ട്രേലിയയിൽ നിന്നും ഇറക്കുമതി ചെയ്ത 'ബോവർ' ആടുകളുടെ ബീജം ശേഖരിച്ച് മലബാറി ആടുകളിൽ കൃത്രിമ ബീജധാനം നടത്തി സങ്കരവർഗ്ഗം ഉൽപ്പാദിപ്പിക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ. എൽ. ഡി. ബോർഡിന്റെ പ്രവർത്തനത്തിൽ കാതലായ കുറവുകൾ ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ല. ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി കൂടുതൽ ലാഭകരമാക്കുന്നതിലേക്കായി ഒരു വിശകലനം, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെക്കൊണ്ട് നടത്തിവരുന്നുണ്ട്.

(ഡി) ക്ഷീരവികസന മേഖലയിൽ നിന്ന് ബോർഡിനെ മാറ്റിനിർത്തുന്നതിനുള്ള നീക്കമൊന്നും തന്നെയില്ല.

മൃഗസംരക്ഷണ വകുപ്പിന് ആവശ്യമായ ദ്രവനൈട്രജൻ

*4 [64] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എ. പി. അനിൽകുമാർ :
,, എ. സുജനപാൽ :
,, ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന് ഒരു വർഷം എത്ര ടൺ ദ്രവനൈട്രജൻ ആവശ്യമായി വരും;

(ബി) ഇത് സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ചിരുന്നോ;

(സി) ഇതിന്റെ ഉൽപ്പാദനം ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഇ) ദ്രവനൈട്രജൻ ഉൽപ്പാദനം നിർത്തിയ ശേഷം ഇത് വാങ്ങുന്നതിന് എന്ത് ചെലവ് വന്നിട്ടുണ്ട് എന്ന് അറിയിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ദ്രവനൈട്രജന്റെ മൊത്തം വാർഷിക ആവശ്യകത 7 ലക്ഷം ലിറ്ററോളം വരും. അതിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കൃത്രിമ ബീജധാന കേന്ദ്രങ്ങൾക്ക് മാത്രം ഒരു വർഷം ഏതാണ്ട് 2.6 ലക്ഷം ലിറ്റർ ദ്രവനൈട്രജൻ ആവശ്യമായി വരും.

(ബി) 2001-2002 വർഷം വരെയും ആവശ്യമുള്ള ദ്രവനൈട്രജന്റെ ഭൂരിഭാഗവും സംസ്ഥാനത്ത് കെ. എൽ. ഡി. ബോർഡ് ഉൽപ്പാദിപ്പിച്ചിരുന്നു. 2001-2002 മുതൽ ഇത് വാർഷിക കരാറടിസ്ഥാനത്തിൽ വാങ്ങി തുടങ്ങി.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly